ശ്രീ. പാലാട്ട് മോഹനൻദാസിനെ റൈറ്റ് റ്റു ഇൻഫർമേഷൻ ആക്ട് പ്രകാരം സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ ആയി ആണ് നിയമിച്ചിട്ടുള്ളത്. ടി തസ്തികയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളെയും സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.††

എൽ. ഡി. ക്ലാർക്ക്—യു. ഡി. ക്ലാർക്ക് അനുപാതം

13 [13] ശ്രീ. ഇസ്ഹാക്ക് കുണിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഓരോ ജില്ലയിലും എൽ. ഡി. ക്ലാർക്ക്-യു. ഡി. ക്ലാർക്ക് അനുപാതം ഒരുപോലെ നിലനിൽക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ യു. ഡി. ക്ലാർക്ക് അനുപാതം കുറവുള്ള ജില്ലകളിലേക്ക് യു. ഡി. ക്ലാർക്ക് അനുപാതം കൂടുതലുള്ള മറ്റു ജില്ലകളിലെ യു. ഡി. തസ്തികകൾ ഷിഫ്റ്റ് ചെയ്ത് കൊടുക്കാമോ;

(സി) മലപ്പുറം ജില്ലയിൽ ഇപ്പോൾ നിലവിൽ എൽ. ഡി. ക്ലാർക്ക്-യു. ഡി. ക്ലാർക്ക് അനുപാതം 3:1 എന്നത് മറ്റു ജില്ലകളിൽ അധികം വരുന്ന യു. ഡി. ക്ലാർക്ക് തസ്തികകൾ ഷിഫ്റ്റ് ചെയ്ത് 1:1 എന്ന അനുപാതത്തിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എൽ. ഡി. ക്ലാർക്ക്-യു. ഡി. ക്ലാർക്ക് തസ്തികകൾ ഇപ്പോൾ നിലവിലില്ല. 1981-ൽ ഈ വകുപ്പിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള നിയമനം നിർത്തലാക്കി, അന്ന് നിലവിലുണ്ടായിരുന്ന ക്ലാർക്കുമാർ പ്രൊമോഷൻ ലഭിച്ച മുറയ്ക്ക് ഒഴിവു വന്ന ക്ലാർക്ക് തസ്തികകൾ കമ്പയിലർ തസ്തികകളാക്കി മാറ്റുകയാണുണ്ടായത്. ഇപ്പോൾ ക്ലാർക്കുമാരുടെ ജോലി ചെയ്യുന്നത് കമ്പയിലർമാരാണ്.

(ബി, സി) ബാധകമല്ല.

ഗവൺമെന്റോ, പി. എസ്. സി.-യോ അംഗീകരിക്കാത്ത ബിരുദം ഉപയോഗിച്ച് തസ്തിക മാറ്റം കരസ്ഥമാക്കിയവർ

14. [14] ശ്രീ. ജി. കാർത്തികേയൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ :
,, ജോർജ് ജെ. മാത്യു :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവൺമെന്റോ, പി. എസ്. സി.യോ അംഗീകരിക്കാത്ത ബിരുദം കരസ്ഥമാക്കിയവർ ബിരുദധാരികളാണെന്നതിന്റെ അടിസ്ഥാനത്തിൽ തസ്തിക മാറ്റത്തിലൂടെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് എന്ന തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ ഉദ്യോഗത്തിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ;

(സി) ഇതിനെതിരെ കിട്ടിയിട്ടുള്ള പരാതികളിന്മേൽ എന്തു നടപടിയെടുത്തു;

(ഡി) ഗവൺമെന്റോ പി. എസ്. സി.യോ അംഗീകരിക്കാത്ത ഡിഗ്രികൾ കരസ്ഥമാക്കിയിട്ടുള്ളവരെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷിക്കുവാൻ അനുവദിക്കുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)—(സി) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം ആരോപിച്ച് അടുത്ത കാലത്തായി വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷിക്കുന്നതിന് ആവശ്യമുള്ള വിദ്യാഭ്യാസ യോഗ്യതകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതയുള്ളവർക്ക് മാത്രമേ അസിസ്റ്റന്റ് നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു.

പോലീസ് വിഭാഗത്തിൽ ജോലി ലഭിച്ചവർ

15. [15] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം പോലീസ് വിഭാഗത്തിൽ എത്ര പേർക്ക് ജോലി ലഭിച്ചു;

(ബി) തസ്തിക തിരിച്ച് കണക്കുകൾ നൽകാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. പ്രസിദ്ധീകരിച്ചിട്ടുള്ള നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ

16. [16] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി:
,, ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly